ഉത്തരം

(എ) ആകെ 2044 ഡെമോൺസ്ട്രേറ്റർമാരുടെ തസ്തികകളാണ് ഉണ്ട്. അതിൽ 40 തസ്തികകളും സീനിയർ ഗ്രേഡിലും 421 എണ്ണം ഒന്നാം ഗ്രേഡിലും 1583 എണ്ണം രണ്ടാം ഗ്രേഡിലുമാണ്.

(ബി) 957

ഒന്നാം ഗ്രേഡ് ജൂനിയർ അഗ്രികൾച്ചറൽ ഓഫീസർ	187
രണ്ടാം ഗ്രേഡ് ജൂനിയർ അഗ്രികൾച്ചറൽ ഓഫീസർ	567
ഡിസ്ട്രിക്ട് അഗ്രികൾച്ചറൽ ഓഫീസർ	146
ഡെപ്യൂട്ടി ഡയറക്ടർ	44
ജോയിന്റ് ഡയറക്ടർ	9
അഡീഷണൽ ഡയറക്ടർ	3
സ്പെഷ്യലിസ്റ്റ്	1

(സി) വേണ്ട നടപടികളും എടുത്തിട്ടുണ്ട്.

കൃഷി വകുപ്പ് ഹരിജനങ്ങൾക്കായി നീക്കിവെച്ച തുക

1086 [1733] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം കൃഷിവകുപ്പ് വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്ന തുകയുടെ പത്തുശതമാനം ഹരിജനങ്ങളുടെ പുരോഗതിക്ക് വിനിയോഗിക്കുന്നതിന്റെ ഭാഗമായി എത്ര ലക്ഷം രൂപ നീക്കി വെച്ചിരുന്നു;

(ബി) ഏതെല്ലാം കാര്യങ്ങൾക്കാണ് ഈ തുക ഉൾക്കൊള്ളിച്ചിരുന്നത്;

(സി) ഇതിനകം എത്ര രൂപ ചെലവഴിച്ചു;

(ഡി) ബാക്കി തുക കൂടി ഈ സാമ്പത്തികവർഷം ചെലവഴിക്കുവാൻ സത്വര നടപടികളും സ്വീകരിക്കുമോ?

ഉത്തരം

(എ) 60.3 ലക്ഷം രൂപ.

(ബി) 20 ലക്ഷം രൂപ മണ്ണു സംരക്ഷണ പദ്ധതിക്കുവേണ്ടി മാത്രമാണ് ഉപയോഗിക്കുന്നത്. ബാക്കി 40.3 ലക്ഷം രൂപ താഴെ പറയുന്ന പദ്ധതികളിൽ ഉൾക്കൊണ്ടിട്ടുള്ള ആനുകൂല്യങ്ങളുടെ പത്തു ശതമാനത്തിനുവേണ്ടിയാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്.

കായംകുളം കായൽ കൃഷി, ജില്ലാ കൃഷിത്തോട്ടങ്ങൾ എന്നിവയിൽ കൂടിയുള്ള തൊഴിൽ ലഭ്യത, പച്ചില വളച്ചെടികളുടെ വിത്തുവിതരണത്തിനു നൽകുന്ന $33\frac{1}{3}$ ശതമാനം സബ്സിഡി, രാസവള പ്രദർശനത്തോട്ടങ്ങൾക്കായുള്ള 120 രൂപ ഗ്രാന്റ്, മലയോരപ്രദേശങ്ങളിൽ കൃഷി വികസനത്തിനു നൽകുന്ന, ഹെക്ടറിന് 1000 രൂപ ഗ്രാന്റ്, സൗജന്യ നിരക്കിൽ തെങ്ങുരോഗത്തിനു മരുന്നു തളി, സസ്യ സംരക്ഷണ ഉപകരണങ്ങൾക്ക് 100 ശതമാനം സബ്സിഡി, തെങ്ങിൻതോപ്പുകളിൽ ജലസേചനത്തിന് ഫിൽറ്ററർ പോയിന്റ് കുഴൽ കിണറുകൾ 50 ശതമാനം സബ്സിഡിയിൽ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപിക്കൽ, പയർ കൃഷി വികസനത്തിനായി നൽകുന്ന ഹെക്ടറിന് 75 രൂപ വിലയുള്ള ഫോസ്ഫേറസ് വളങ്ങൾ, കൊക്കോ കൃഷി വികസനത്തിനായി സൗജന്യ നിരക്കിൽ കൊക്കോ തൈകൾ വിതരണം ചെയ്യാനുള്ള പദ്ധതി, കശുമാവിൻ തോട്ടങ്ങളിലെ കീട ബാധയ്ക്കെതിരായുള്ള സൗജന്യ നിരക്കിലുള്ള മരുന്നു തളി, ഭൂപരിഷ്ക്കരണ നിയമംമൂലം ഭൂടമകളായിട്ടുള്ള കൃഷിക്കാരുടെ ഭൂമിയിൽ ഉൽപാദനം വർദ്ധിപ്പിക്കാനായി തെങ്ങിൻ തൈകൾ, കുരുമുളക് തൈകൾ, മാവിൻ തൈകൾ, പച്ചക്കറി വിത്തുകൾ മുതലായവ 50 ശതമാനം സൗജന്യ വിലയ്ക്കും രാസവളങ്ങളുടെ 50 ശതമാനം ഗ്രാൻറായും നൽകുന്ന ''ഭൂപരിഷ്ക്കരണ ഗുണഭോക്തൃകുടുംബങ്ങൾക്കുള്ള പ്രത്യേക പദ്ധതി'' രോഗബാധയില്ലാത്ത വാഴക്കന്നുകൾ മിതമായ നിരക്കിൽ വിതരണം ചെയ്യുന്ന പരിപാടി, പച്ചക്കറി വിതരണത്തിന് കോർപ്പറേഷൻ പ്രദേശത്തു നടപ്പിലാക്കുന്ന പ്രത്യേക പരിപാടികൾ, മരച്ചീനി കൃഷി പ്രദർശനത്തോട്ടങ്ങൾക്ക് (0.25 ഹെക്ടറിന്) നൽകുന്ന 300 രൂപ ഗ്രാൻറ് മുതലായവയാണ്.

ഇവകൂടാതെ പട്ടികജാതി പട്ടിക വർഗ്ഗക്കാർക്കും, ഗിരിജനങ്ങൾക്കും വേണ്ടി മാത്രമായിട്ടുള്ള പ്രത്യേക പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. ഈ പദ്ധതി പ്രകാരം സൗജന്യമായ തെങ്ങിൻതൈ വിതരണവും, കൃഷി ചെയ്യാനാവശ്യമായ രാസവളങ്ങളുടെ 50 ശതമാനം സൗജന്യമായും പരമാവധി ഒരാളിന് 100 രൂപവരെ സസ്യ സംരക്ഷണ പ്രവർത്തനത്തിന് 25 രൂപ സബ്സിഡിയായും, ഗിരിജനങ്ങൾക്ക് കൃഷി ഉപകരണങ്ങൾ സൗജന്യമായും നൽകുന്നുണ്ട്. ചില തെരഞ്ഞെടുത്ത ഗിരിവർഗ്ഗ കോളനികളിൽ ആവശ്യമായ പലയിനം തൈകൾ സൗജന്യമായി നൽകി വരുന്നതു കൂടാതെ പതിമൂന്നു കോളനികൾ മണ്ണു സംരക്ഷണം നടത്താനായി തെരഞ്ഞെടുത്തിട്ടുണ്ട്.

(സി) 1979 ജനുവരി മാസം അവസാനംവരെ 27.42 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

തെങ്ങ് റിജുവനേഷൻ സ്കീം

1087 [1734] പ്രൊ. എ. വി. താമരാക്ഷൻ:

,, കല്ലട നാരായണൻ:

,, എസ്. ത്യാഗരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഓണാട്ടുകര പ്രദേശങ്ങളിൽ തെങ്ങിൻറെ റിജുവനേഷൻ സ്കീം നടപ്പിലാക്കുന്നതിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ:

(ബി) എങ്കിൽ പ്രസ്തുത സ്കീം എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത സ്കീം ഈ പ്രദേശങ്ങളിൽ തുടങ്ങുവാൻ സത്വര നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly